# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.ടി.എം.പി7/1655/25 കെ.എസ്.എ.-

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/11/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7/1655/25 തീയ്യതി: 14/11/2025

## കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 24-09-2025 | 03-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2025 | 03-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ സജി പി ആർ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി ടി വി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജയന്ത് ഹരി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലീലാമ്മ ബിജു | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി ഗംഗ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| ശ്രീ ജോമോൻ മാത്യു | സെക്രട്ടറി | 27-04-2024 | 09-09-2024 |
| ശ്രീ ശ്രീനാഥ് എസ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-09-2024 | 17-09-2024 |
| ശ്രീ രാജേന്ദ്രകുമാർ എ | സെക്രട്ടറി | 18-09-2024 | 29-09-2024 |
| ശ്രീ അരുൺ ബി നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-09-2024 | 02-10-2024 |
| ശ്രീ ശ്രീനാഥ് എസ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-10-2024 | 05-11-2024 |
| ശ്രീമതി സ്റ്റാൻസി എ ജെ | സെക്രട്ടറി | 06-11-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി മഞ്ചുശ്രീ ആർ. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ കുര്യാക്കോസ് മാത്യു ടി | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ദിവ്യ ജോർജ്ജ് റ്റി | മെഡിക്കൽ ഓഫീസർ(FHC) | 01-04-2024 | 07-08-2024 |
| ഡോ ജിസ് ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ(FHC) | 08-08-2024 | 05-09-2024 |
| ഡോ രാഹുൽ ആർ | മെഡിക്കൽ ഓഫീസർ(FHC) | 06-09-2024 | 31-03-2025 |
| ഡോ. ലക്ഷ്മി വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 25-10-2024 |
| ഡോ ഹഫ്ല മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 26-10-2024 | 06-12-2024 |
| ഡോ അശ്വതി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 07-12-2024 | 31-03-2025 |
| ഡോ. അഞ്ജലി വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 26-01-2025 |
| ഡോ ദീപ വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 27-01-2025 | 31-01-2025 |
| ഡോ അഞ്ജനകുമാരി കെ പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-02-2025 | 31-03-2025 |
| ശ്രീമതി രമ്യാ എൻ. നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മേവട) | 01-04-2024 | 31-03-2025 |
| ശ്രീ സുദീപ് റ്റി. ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കൊഴുവനാൽ) | 01-04-2024 | 07-09-2024 |
| ശ്രീമതി രമ്യാ എൻ. നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കൊഴുവനാൽ) | 08-09-2024 | 17-09-2024 |
| ശ്രീമതി ദിവ്യാ ദാസൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കൊഴുവനാൽ) | 18-09-2024 | 31-03-2025 |
| ശ്രീമതി ഷീല പി ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-08-2024 | 31-03-2025 |
| ശ്രീമതി ഗ്രീഷ്മ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 17-09-2024 |
| ശ്രീമതി ഗേളി മേരി ജോർജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18-09-2024 | 31-03-2025 |
| ശ്രീ ക്രിസ്റ്റി ജോൺ ഡേവിഡ് | ക്ഷീര വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി മിനികുമാരി പി.എൻ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 07-08-2024 |
| ശ്രീ രാജീവ് സി | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | തനത് ഫണ്ട് അക്കൗണ്ട്- നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകൾ കൃത്യമല്ല | 1-1-5 |
| 7 | വിവിധ ഫണ്ടുകളുടെ ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ അധികരിച്ചു | 1-1-8 |
| 10 | നീക്കിയിരിപ്പില്ലാത്ത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതി-ഭരണ ചെലവായി അക്കൗണ്ട് ചെയ്ത തുക കൃത്യമല്ല | 1-1-10 |
| 12 | ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പുകളിൽ വ്യത്യാസം | 1-1-11 |
| 13 | എസ്.എസ്.എ അക്കൗണ്ടിലെ നീക്കിയിരിപ്പുകളിൽ വ്യത്യാസം | 1-1-12 |
| 14 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ബജറ്റ്-വിശകലനം | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | വാർഷികപദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ സമീപകെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുന്നു | 1-11 |
| 25 | ഒരേ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നു | 1-12 |
| 26 | പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-13 |
| 27 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-14 |
| 28 | വാടക സംബന്ധിച്ച അപാകതകൾ | 1-15 |
| 29 | ആസ്തികളുടെ ലേലം - ഗ്രാമപഞ്ചായത്തിലേക്ക് മുതൽ കൂട്ടാനായില്ല | 1-16 |
| 30 | ലൈബ്രറി സെസ് ഒടുക്കുവാൻ അവശേഷിക്കുന്നു | 1-17 |
| 31 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു | 1-18 |
| 32 | തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് ആകെ ചെലവിന്റെ 5 ശതമാനത്തിൽ അധികമാകുന്നു | 1-19 |
| 33 | MGNREGA ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ-വികസനഫണ്ട് വിനിയോഗിച്ചത് ക്രമവിരുദ്ധം | 1-20 |
| 34 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- വിവിധ പദ്ധതി പ്രകാരം ലഭ്യമായ ലൈറ്റുകളുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകളില്ല | 1-21 |
| 35 | തെരുവുവിളക്ക് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 36 | സാക്ഷരതാ പ്രേരകിന് നൽകിയ ഹോണറേറിയം--സാക്ഷരതാമിഷൻ വിഹിതം തിരികെ ലഭിച്ചിട്ടില്ല | 1-23 |

| | | |
|---|---|---|
| 37 | ഔദ്യോഗിക വാഹനം--ഡീസൽ അടിച്ചതിന് ലോഗ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല | 1-24 |
| 38 | മേവിട കമ്മ്യൂണിറ്റി ഹാൾ ഉപയോഗപ്രദമാക്കിയിട്ടില്ല. | 1-25 |
| 39 | ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല. | 1-26 |
| 40 | കരാർ വെക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയില്ല. | 1-27 |
| 41 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-28 |
| 42 | കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. | 1-29 |
| 43 | സർക്കാർ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-30 |
| 44 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താവ് അവസാന ഗഡുകൈപ്പറ്റുന്നതിന് കാലതാമസം | 1-31 |
| 45 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-32 |
| 46 | ജൽജീവൻ മിഷൻ--അവലോകനം. | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1.കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 02-07-2025 തീയതിയിലെ 4/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

| | |
|---|---|
| **തീയതി:14-11-2025** | **ഡെപ്യൂട്ടി ഡയറക്ടർ** |

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല. 31.03.2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല**

2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-4 തനത് ഫണ്ട് അക്കൗണ്ട്- നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല**

എസ്.ബി.ഐ കൊഴുവനാൽ ശാഖയിലെ തനത് ഫണ്ട് അക്കൗണ്ടിലെ(നം.67382495807) 31.03.2025 ലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. പ്രസ്തുത അക്കൗണ്ടിന്റെ 31.03.2025 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ പാസ്സ് ബുക്ക് ബാലൻസായി ഉൾപ്പെടുത്തിയിട്ടുള്ളത് 13081130/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025 ലെ യഥാർത്ഥ പാസ്സ് ബുക്ക് ബാലൻസ് 12792398/- രൂപയാണ്. പൊരുത്തപ്പെടുത്തലിനായി കണക്കാക്കിയിട്ടുള്ള പാസ്സ് ബുക്ക് ബാലൻസ് കൃത്യമല്ല.പൊരുത്തപ്പെടുത്തൽ കൃത്യമാക്കി നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

**1-1-5 ബാങ്ക് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകൾ കൃത്യമല്ല**

താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 ലെ നീക്കിയിരിപ്പായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പൊരുത്തപ്പെടുത്തൽ പത്രികയിലെ ബാങ്ക് ബുക്ക് ബാലൻസിന് പകരം പാസ്സ് ബുക്ക് ബാലൻസാണെന്ന് കാണുന്നു.

| ബാങ്ക് അക്കൗണ്ട് | അക്കൗണ്ട് നം. | 31.03.25 ലെ ബാങ്ക് ബുക്ക് ബാലൻസ് | വാർഷിക കണക്ക് പ്രാകരം 31.03.25 ലെ നീക്കിയിരിപ്പ് (പാസ്സ് ബുക്ക് നീക്കിയിരിപ്പ്) |
|---|---|---|---|
| സൗത്ത് ഇൻഡ്യൻ ബാങ്ക് (ജലനിധി സുസ്ഥിരത) | 0040053000020794 | 33834 | 34047 |
| സൗത്ത് ഇൻഡ്യൻ ബാങ്ക് (ജൽജീവൻ മിഷൻ) | 0040053000020797 | 1770490 | 1782762 |

അപാകതകൾ പരിഹരിച്ച് പൊരുത്തപ്പെടുത്തൽ പത്രിക കൃത്യമാക്കേണ്ടതാണ്.

**1-1-6 വിവിധ ഫണ്ടുകളുടെ ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

താഴെ ചേർക്കുന്ന ഫണ്ടുകളുടെ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ് മെന്റ് എന്നിവയിൽ ചെലവും വാർഷികകണക്കുകളിലെ I-6 ഷെഡ്യൂളിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | റിമാർക്സ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11574000/- | 11023524/- | വ്യത്യാസമുള്ള തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂ-ഷനിലേക്ക് മാറ്റിയ തുകയുമായി പൊരുത്തപ്പെടുന്നില്ല |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4756839/- | 4467440/- | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-7 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല**

KURDFC ലോൺ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ബി-5 ഷെഡ്യൂളിൽ 5400584/-രൂപയും ബി-16 ഷെഡ്യൂളിൽ 4720584/-രൂപയുമാണ്. ഷെഡ്യൂളുകൾ തമ്മിൽ 680000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. എന്നാൽ ലോൺ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 643267/- രൂപ മാത്രമാണ്. കണക്കുകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-1-8 സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ അധികരിച്ചു**

31/03/2025 ലെ വാഹനങ്ങളുടെ ആസ്തിമൂല്യം 688556/- രൂപയും സഞ്ചിത മൂല്യശോഷണം 826266/- രൂപയുമാണ് . സഞ്ചിത മൂല്യശേഷണം ആസ്തിയേക്കാൾ അധികരിച്ചതായി കാണുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-9 നീക്കിയിരിപ്പില്ലാത്ത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു**

സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ടിൽ RP 40(B) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പില്ല. എന്നാൽ B-4 ഷെഡ്യൂളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3144/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 174344/- രൂപയും ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-10 തൊഴിലുറപ്പ് പദ്ധതി-ഭരണ ചെലവായി അക്കൗണ്ട് ചെയ്ത തുക കൃത്യമല്ല**

I-14 (F) ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് 800265/- രൂപയാണ്. ആയത് തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ക്രമീകരിച്ച തുകയാണ്. തൊഴിലുറപ്പ് ക്യാഷ് ബുക്ക് പ്രകാരം തൻ വർഷ ഭരണ ചെലവ് 1328142/- രൂപയാണ് .അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-11 ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പുകളിൽ വ്യത്യാസം**

ജലനിധിയുടെ ബാങ്ക് അക്കൗണ്ടുകളിലെ 31.03.2025 ലെ നീക്കിയിരിപ്പ് 2281732/- രൂപയാണ്. എന്നാൽ പ്രസ്തുതയിനത്തിൽ ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുക 2275578/-രൂപയാണ്. 6154/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-12 എസ്.എസ്.എ അക്കൗണ്ടിലെ നീക്കിയിരിപ്പുകളിൽ വ്യത്യാസം**

എസ്.എസ്.എ അക്കൗണ്ടിലെ (എസ്.ബി.ഐ അക്കൗണ്ട് നം.67092031727) 31.03.2025 ലെ നീക്കിയിരിപ്പ് RP40(B), B-17 എന്നീ ഷെഡ്യൂളുകൾ പ്രകാരം 112069/-രൂപയാണ്. എന്നാൽ B-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുക 111328/- രൂപയാണ് . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-13 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുകകളുടെ വിനിമയം നിരീക്ഷിക്കേണ്ടതുമാണ്.

**1-2 ബജറ്റ്-വിശകലനം**

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 13/02/2024 ലെ 6(1) -ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22/03/2025 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 13080873/- | 12319387/- |
| വരവ് | 113739209/- | 169983809/- |
| ആകെ വരവ് | 126820082/- | 182303196/- |
| ചെലവ് | 113001495/- | 168284444/- |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 13818587/- | 14018752/- |

## 1-3 സാമ്പത്തിക വിശകലനം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക**

| | |
|---|---|
| മുന്നിരിപ്പ് | 20,509,774/- |
| ഓഡിറ്റ് വർഷത്തെ വരവ് | 39490758/- |
| ആകെ | 60000532/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33176428/- |
| നീക്കിയിരിപ്പ് | 26,824,104/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 119,021,707/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 115,698,433/- |
| പ്രവർത്തന മിച്ചം | 3,323,274/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1,651,257/- |
| അറ്റ പ്രവർത്തന മിച്ചം | 1,672,017/- |

**ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,20,601/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 11574000 | 11574000 | 11574000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1906000 | 1906000 | 1906000 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 28570000 | 28570000 | 26984672 | 1585328 | 94.5 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 5601000 | 5601000 | 4756839 | 844161 | 85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 2629141 | 4366400 | 6995541 | 1325167 | 5670374 | 19 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 184279 | 2054016* | 2238295 | 1474364 | 763931 | 66 |
| ഐ.സി.ഡി.എസ് | 860062 | 941910 | 1801972 | 855181 | 946791 | 47.5 |
| സമ്പൂർണ്ണ ശുചിത്വം | 4600 | 0 | 4600 | 0 | 4600 | 0 |
| എസ്.എസ്.എ | 109101 | 2227 | 111328 | 0 | 111328 | 0 |
| ജലനിധി | 2243783 | 31795 | 2275578 | 0 | 2275578 | 0 |
| ലൈഫ് -സംസ്ഥാന വിഹിതം | 120000 | 500000 | 620000 | 440000 | 180000 | 71 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 690237 | 180000 | 870237 | 520000 | 410237 | 59.75 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 681616 | 300956 | 982572 | 253343 | 729229 | 26 |
| ഹെൽത്ത് ഗ്രാന്റ് (ഹെൽത്ത് & വെൽനെസ് സെന്ററേഴ്ള) | 297831 | 478789 | 776620 | 225671 | 550949 | 29 |

* അലോട്ട്മെന്റ് തുകയോടൊപ്പം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 103806 /- രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലേയും വിനിയോഗത്തിലെയും അപാകതകളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1614521/- , 127913/- രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്ത മറ്റ് അലോട്ട്മെന്റുകൾ കൂടാതെ 2023-24 വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. ഇതിൽ ടൈഡ് ഫണ്ട് ഇനത്തിൽ 32950/-രൂപയും അൺടൈഡ് ഫണ്ട് ഇനത്തിൽ 17 രൂപയും ചെലവഴിക്കാതെ ലാപ്സായിട്ടുണ്ട്.
3. ജി.ഒ(ആർ.റ്റി)2075/2025/ഫിൻ. തീ.04.03.2025 നമ്പർ ഉത്തരവ് പ്രകാരം ടൈഡ്, അൺ ടൈഡ് ഫണ്ടുകളിൽ ട്രഷറി അലോട്ട്മെന്റ് രണ്ടാം ഗഡുവായി ലഭിച്ച യഥാക്രമം 32950/-, 8/- തുകകൾ ഗ്രാന്റ് സ്റ്റേറ്റ്,സാംഖ്യ എ.സി.ആർ എന്നിവയിൽ വരവായി എടുത്തിട്ടില്ല. പ്രസ്തുത തുകകൾ കൂടി ചേർത്തുള്ള വരവാണ് മുകളിൽ ചേർത്തിട്ടുള്ളത്.
4. സംരക്ഷണ ഗ്രാന്റ് റോഡിനത്തിൽ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ് മെന്റ് എന്നിവയിൽ ചെലവ് 26984672/- രൂപയാണ്. എന്നാൽ സാംഖ്യ എ.സി.ആർ പ്രകാരമുള്ള ചെലവ് 27686251/- രൂപയാണ്.
5. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 103806/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്കും വിശദീകരണങ്ങൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25 ) കൊഴുവനാൽ ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 21-03-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 82 സ്പിൽഓവർ പ്രോജക്ടുകളും 132 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 214 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

ക

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ട് ശതമാനം |
|---|---|---|---|---|---|
| 214 | 10,53,18,944 | 160 | 5,71,04,363 | 54 | 74.8% |

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ

നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 04-12-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 06-12-2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 10-12-2023 |
| വികസനസെമിനാർ | 29-12-2023 |

പദ്ധതിനിർവ്വഹണം

ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് വളരെ ഫലപ്രദമായി മികവുറ്റ രീതിയിൽ (100%) വിനിയോഗിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിലും മികച്ച പുരോഗതി ഉണ്ടായിരുന്നിട്ടുണ്ട്. അംഗീകാരം ലഭിച്ച 214 പ്രോജക്റ്റുകളിൽ 160 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 5,71,04,363/- രൂപയാണ്. ചെലവ് അടങ്കൽ തുകയുടെ 54.22 %. അംഗീകാരം ലഭിച്ച പ്രോജക്റ്റുകളിൽ കൂടുതലും നടപ്പാക്കാത്തതും ലഭ്യമായ മെയിന്റനൻസ് ഗ്രാന്റിന്റെ നല്ലൊരു ഭാഗം വിനിയോഗിക്കാൻ സാധിക്കാതെ വന്നതു മൂലം വളരെയധികം പ്രോജക്റ്റുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 9 | 8 | 20,68,122/- | 19,54,899/- | 95 |
| 2. | വെറ്ററിനറി സർജൻ | 4 | 4 | 5,34,041/- | 5,13,158/- | 96 |
| 3. | മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) | 21 | 15 | 45,94,210/- | 25,71,760/- | 56 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 2,66,998/- | 2,66,998/- | 100 |
| 5. | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 4 | 3 | 8,51,579/- | 7,51,579/- | 88 |
| 6. | വിഇഒ-1 | 12 | 10 | 1,87,42,661/- | 62,68,975/- | 33.45 |
| 7. | വിഇഒ-2 | 25 | 20 | 48,09,644/- | 33,09,081/- | 68.8 |
| 8. | ഐസിഡിഎസ് സൂപ്പർവൈസർ | 11 | 8 | 43,94,763/- | 18,64,568/- | 42.4 |
| 9. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 21,50,000/- | 16,46,827/- | 76.6 |
| 10. | സെക്രട്ടറി | 29 | 23 | 1,93,21,675/- | 61,77,374/- | 31.97 |
| 11. | അസിസ്റ്റന്റ് എഞ്ചിനീയർ | 86 | 56 | 4,61,60,251/- | 3,04,34,442/- | 65.9 |
| 12. | ഹെഡ്മാസ്റ്റർ | 7 | 7 | 14,25,000/- | 13,44,702/- | 94.36 |
| | **ആകെ** | **214** | **160** | **10,53,18,944/-** | **5,71,04,363/-** | **54.22** |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി തയ്യാറാക്കിയ പ്രോജക്റ്റുകൾക്കായി 32% തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിവിധ പ്രോജക്റ്റുകളിലൂടെ ആകെ 65.9% തുക ചെലവഴിക്കാൻ സാധിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർക്ക് (എൽഐഡി&ഇഡബ്ല്യു) നിർവ്വഹണച്ചുമതലയുള്ള 86 പ്രോജക്റ്റുകൾ വിഭാവനം ചെയ്തുവെങ്കിലും 56

എണ്ണം മാത്രമാണ് നടപ്പാക്കിയത്. തന്മൂലം പശ്ചാത്തല മേഖല ചെലവിലും ആകെ പദ്ധതിച്ചെലവിലും സാരമായ കുറവ് വരുകയുണ്ടായി. മറ്റ് നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും തന്നെ പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ അത്യന്തം ജാഗ്രതയോടെ പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

**സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക 24.62 ലക്ഷംരൂപ**

സർക്കാർ ഗ്രാന്റുകളെല്ലാം തന്നെ 100% ചെലവ് കൈവരിച്ചുവെന്നത് പദ്ധതി നിർവ്വഹണത്തിലെ കൂട്ടായ പ്രവർത്തനങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ മാത്രമാണ് വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 1585328 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 844161 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 32,950 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 17 |
| ആകെ | 24,62,456/- |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതാത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതീക നേട്ടം രേഖാപരമായി ഉറപ്പാക്കാൻ സാധിക്കുന്നില്ല.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി**

തൊഴിലുറപ്പ് പദ്ധതിയുടെ 2024-2025 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, തൻവർഷം വർഷം സാങ്കേതിക അനുമതി ലഭിച്ച 164 പ്രോജക്ടുകളിൽ, 130 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം തൊഴിൽ കാർഡിനായി അപേക്ഷിച്ച 77 പേർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 28451 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 458 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജല സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്തു. തീറ്റപ്പുൽ കൃഷി, റോഡ് കോൺക്രീറ്റിംഗ്, കംപോസ്റ്റ് പിറ്റ്,കോഴിക്കൂട് നിർമ്മാണം തുടങ്ങിയവയും തൻ വർഷം നടപ്പാക്കിയ പ്രവൃത്തികളായിരുന്നു. തൻവർഷം ഒരാൾക്ക് ശരാശരി 78 തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2024-2025 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. പ്രസ്തുത വരവ് ചെലവുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ്** | **862.76** | Skilled Labour(DBT) | 879950 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 795505 | Unskilled Labour(DBT) | 9709225 |
| പലിശ വരവ് | 1383 | Material(DBT) | 3497582 |
| **ആകെ നേരിട്ടുള്ള വരവ്** | **797750.76** | **ആകെ DBT ചെലവ്** | **14086757** |
| Skilled Labour | 879950 | ശമ്പളം, പ്രിന്റിങ്ങ് & സ്റ്റേഷനറി | 1328142 |
| Unskilled Labour | 9709225 | മറ്റുള്ളവ | 0 |
| Material | 3497582 | **ആകെ നേരിട്ടുള്ള ചെലവ്** | **1328142** |
| **ആകെ DBT വരവ്** | **14086757.** | മറ്റ് ചെലവുകൾ (100 ദിന അലവൻസ്) | 0 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുമുള്ള മുൻകൂർ തുക | 1328142 | തനത് ഫണ്ടിലേക്കുള്ള മുൻകൂർ തിരിച്ചടവ് | 800265 |
| മറ്റ് വരവുകൾ (100 ദിന അലവൻസ്) | 2975 | **നീക്കിയിരിപ്പ്** | 460.76 |

| | | | |
|---|---|---|---|
| ആകെ | 16215624.76/- | ആകെ | 16215624.76/- |

31/03/2025 ബാലൻസ് ഷീറ്റ് പ്രകാരം 2150593/- രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2024-25 വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19921500/- | 1352 |
| കർഷകതൊഴിലാളി പെൻഷൻ | 1140800/- | 75 |
| വിധവാപെൻഷൻ | 6211500/- | 487 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 441200/- | 29 |
| വികലാംഗപെൻഷൻ | 2153000/- | 144 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2025 തീയതിയിൽ 3.05 പി എം-ന് അക്കൗണ്ടന്ററിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10348/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നണ്ട്. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

1) വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തിയിട്ടില്ല
2) വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ കൃത്യമല്ല.
3) വായ്പാ കണക്കിൽ വ്യത്യാസം നിലനിൽക്കുന്നു.
4) സർക്കാരിലേക്കും വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/07/2022 | 03/2022 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/02/2018- 16/02/2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)II/08 A-2770/36 തീയതി- 06/04/2018 |

## 1-11 വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ സമീപകെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം (നികുതിയിളവില്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ

നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ വിവരം | സർവ്വേ നമ്പർ | കെട്ടിട നമ്പർ | മേഖല |
|---|---|---|---|---|
| 1 | മേരിക്കുട്ടി ജോസഫ്, പള്ളിച്ചിറ, കെഴുവംകുളം | 27/3-1 | II/93 A | ദ്വിതീയം |
| | | | II/93 B | ത്രിതീയം |
| 2 | കെ.രാജഗോപാൽ, പുതിയിടത്ത്, മേവട | ലഭ്യമല്ല | III/73 | ദ്വിതീയം |
| | | | III/74 | പ്രഥമം |
| 3 | അനിൽ തോമസ്, വേഴമ്പശ്ശേരിൽ, മേവട | 198/2 | IV/93 A | പ്രഥമം |
| | | | IV/93(1) | ദ്വിതീയം |
| | | | IV/93 | ത്രിതീയം |

ഇപ്രകാരം സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/03.10.25) ഇത് സംബന്ധിച്ച് സ്ഥല പരിശോധന നടത്തി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല കൃത്യമായി കണ്ടെത്തി നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. സമാന രീതിയിൽ മറ്റു കെട്ടിടങ്ങളുടെ നികുതിനിർണ്ണയങ്ങളിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-12 ഒരേ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പെതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ സർവേ നമ്പറിലുള്ള പുരയിടത്തിൽ സ്ഥിതിചെയ്യുന്ന സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | സർവ്വേ നം. | കെട്ടിട നമ്പർ | വഴി സൗകര്യം |
|---|---|---|---|
| മേരിക്കുട്ടി ജോർജ് & ജോൺസ് മാനുവൽ, മുണ്ടുവാലയിൽ കെഴുവൻകുളം | 51/10-2 - 2,51/10-2 | II/43 A | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |
| | | II/43 B | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |

ഇപ്രകാരം സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20/03.10.25) ഇത് സംബന്ധിച്ച് സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡ് കൃത്യമായി കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കൂടുതൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ ഇത്തരത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധനനടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-13 പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല.

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം പഞ്ചായത്തിന്റെ വാർഷിക

പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത 11 പേരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരുടെ വിശദാംശം ലഭ്യമായിരുന്നിട്ടും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ടി വ്യക്തികളുടെ തൊഴിൽ നികുതി ചുമത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമച്ചതും നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 2024-25 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ആൽബിൻ പയസ് |
| 2. | അബിൻ സാനു |
| 3. | ലീലാമ്മ ജോസഫ് |
| 4. | ഗിരീഷ് കുമാർ എ. ജി. |
| 5. | ബിജു പീറ്റർ |
| 6. | ജോമി മാത്യു |
| 7. | ഏറ്റുമാനൂർ വനിതാ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 8. | മാത്തച്ചൻ എം. വടാന |
| 9. | സന്തോഷ് തോമസ് |
| 10. | ഷാജി ജോർജ് |
| 11. | തമ്പി തോമസ് |

കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരം പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/27-09-2025/) നൽകിയതിന് കരാറുകാരുടെ 2024-25 വർഷത്തെ തൊഴിൽ നികുതി നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിൽ അറിയിക്കുമെന്ന് മറുപടി നൽകി. കരാറുകാരുടെ തൊഴിൽ നികുതി 2024-25 വർഷത്തെ തൊഴിൽ നികുതി കുടിശികയായി Prior Period Profession Tax റവന്യൂ ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

1. 6/9/24 ലെ 24(1) ഭരണസമിതി തീരുമാനപ്രകാരം പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകളെ കണ്ടെത്തുകയും ഇവയെ ലൈസൻസ് പരിധിയിൽ കൊണ്ട് വരാനും തീരുമാനിച്ചിരുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ ഫാമുകൾ നടത്തുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സിജി സ്കറിയ, വടാതുരുത്തേൽ - വാർഡ് -1
2.ജോജി സ്കറിയ, പല്ലാട്ട്,-വാർഡ്-1
3.ഷാജി ജോസഫ്, തോണക്കരവട്ടമറ്റം-വാർഡ് -2
4.ജയിംസ്, ഉള്ളുരുപ്പില-വാർഡ്-7
5.ശ്യം ശിവൻ, കല്ലേപുരയിടം-വാർഡ്-9
6 നോബിൾ, കിഴക്കേക്കുറ്റ്-വാർഡ് 10
7.സിബി, ഇല്ലത്ത്പറമ്പിൽ-വാർഡ്-10
8.ആനിയമ്മ, പായിക്കാട്ട് -വാർഡ്-10
9. മാത്തുക്കുട്ടി, കൈപ്പൻപ്ലാക്കൽ -വാർഡ് -11
10. ടോമി, കുരിക്കാട്ട്കുന്നേൽ (ചിക്കൻ സ്റ്റാൾ മാത്രം)- വാർഡ് -11
11.ജോസി ജോസഫ്, പൊയ്കയിൽ-വാർഡ് -12
12. സോണി, മാന്തറ- വാർഡ് -12
13. രാജിവ്, കൊച്ച്പുരയ്ക്കൽ-വാർഡ് -13
14 ജഗനിവാസ്-താഴത്ത്പര്യാത്ത്- വാർഡ്-13

മേൽ സൂചിപ്പിച്ചിരിക്കുന്നവരുടെ ഫാമുകളെ ലൈസൻസ് എടുപ്പിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ് , 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ ഫാമുകൾ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പന്നി ഫാമായി ഉപയോഗിക്കുന്ന താഴെപ്പറയുന്ന കെട്ടിടം ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | X/15 B,C,D,E | അജോ എം ജോസഫ് | വ്യവസായത്തിനാവശ്യമുള്ളവ- കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്,സ്റ്റോറേജ് ഷെഡ് |

ലൈസൻസില്ലാതെ ഫാം പ്രവർത്തിക്കാനിടയായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/29-09-2025) മറുപടിയായി മേൽ സൂചിപ്പിച്ച എല്ലാവർക്കും നോട്ടീസ് നൽകിയിരുന്നുവെന്നും , രണ്ട് പേർ ലൈസൻസ് എടുത്തെന്നും മറ്റ് ഫാമുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുമെന്നും അറിയിച്ചു.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഫാമുകളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 വാടക സംബന്ധിച്ച അപാകതകൾ

1.2024-25 വർഷം ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോപ്ലക്സിലെ 11 മുറികൾ വാടകയ്ക്ക് നൽകിയതിൽ 6 കുത്തകക്കാർ മാത്രമാണ് രേഖാമൂലം കരാറിലേർപ്പെട്ടത്. കോടതി വ്യവഹാരങ്ങൾ ഭാവിയിൽ ഉണ്ടാകുകയാണെങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ ഉത്തമ താൽപര്യം സംരക്ഷിക്കുവാൻ കരാറിൽ ഏർപ്പെടേണ്ടത് അനിവാര്യമായിരുന്നു. കരാർ വയ്ക്കാതെ വാടകക്കാരെ തുടരാനനുവദിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/25-09-2025) മറുപടിയായി എല്ലാ കുത്തകക്കാരുമായി കരാർ വെക്കുന്നതാണെന്ന് അറിയിച്ചു.എല്ലാ കുത്തകക്കാരുമായും കരാർ വച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.കൊഴുവനാൽ ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികളുടെ കുത്തകക്കാരിൽ നിന്നും നിയമാനുസൃതമുള്ള സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. സെക്യൂരിറ്റി നിക്ഷേപം ഒഴിവാക്കി മുറികൾ നൽകാനുള്ള സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/25-09-2025) മറുപടിയായി രണ്ട് പേരിൽ നിന്ന് സെക്യൂരിറ്റി നിക്ഷേപം വാങ്ങിയിരുന്നു എന്ന് അറിയിച്ചു.എല്ലാ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3.വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/25-09-2025) മറുപടിയായി 28.11.1997 ലെ എ1.235/92 ബൈലോ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. എന്നാൽ ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കാലാനുസൃതമായി മാറ്റം ഉൾപ്പെടുത്തി ബൈലോ പരിഷ്ക്കരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ആസ്തികളുടെ ലേലം - ഗ്രാമപഞ്ചായത്തിലേക്ക് മുതൽ കൂട്ടാനായില്ല.

1. 01/07/2024 ലെ 7(2) ഭരണസമിതി തീരുമാനപ്രകാരം മേവട ടൗണിന് സമീപം നിന്നിരുന്ന ആഞ്ഞിലിയും കെഴുവംകുളം നെടുമ്പുറം അങ്കണവാടിയിൽ നിന്നിരുന്ന തേക്കും ലേലം ചെയ്യാൻ തീരുമാനിച്ചിരുന്നു . 121091/- രൂപ വാല്യുവേഷൻ ഇട്ട തടികൾ 2/11/2024 ൽ ലേലം നടത്തിയപ്പോൾ ആരും പങ്കെടുത്തിരുന്നില്ല.

2. 20/2/25 ലെ 28(1) ഭരണസമിതി തീരുമാനപ്രകാരം എട്ടാം വാർഡിലെ പന്നിയാമറ്റം കോളനിയിലെ പ്ലാവ് പുനർലേലം ചെയ്യാൻ തീരുമാനിച്ചിരുന്നു.
മേൽ തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/25-09-2025) മറുപടിയായി മേൽ മരങ്ങൾ ലേലം നടത്തിയപ്പോൾ ആരും പങ്കെടുത്തിരുന്നില്ലെന്നും പുനർലേലം നടത്തി അറിയിക്കുന്നതാണെന്നും അറിയിച്ചു.മരങ്ങൾ ലേലം നടത്തിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 ലൈബ്രറി സെസ് ഒടുക്കുവാൻ അവശേഷിക്കുന്നു

2024-25 വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂൾ പ്രകാരം 103338/-രൂപ ലൈബ്രറി സെസ് ഇനത്തിൽ ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/27.09.25) മറുപടി ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് 1088/L3/05/ തസ്വഭവ/20.09.2005 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കുടിശ്ശിക തുക അടിയന്തിരമായി ലൈബ്രറി കൗൺസിലിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

2024-25 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 8000/- രൂപ തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ഏത് ജീവനക്കാരനിൽ നിന്നും ഈടാക്കാനുള്ളതാണെന്നും ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/27.09.25)നിലവിൽ പാലാ നഗരസഭയിൽ ജോലി ചെയ്ത് വരുന്ന ക്ലർക്ക് ശ്രീ.ലിജോ ജോണിന് ഈ ഓഫീസിൽ ജോലി ചെയ്തിരുന്ന സമയത്ത് അനുവദിച്ച് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന 8000/- (വൗച്ചർ നം. 22400375/13.09.24) രൂപയാണെന്നും തുക അടവാക്കുന്നതിന് പാലാ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ടി തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന 8000/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക തിരികെ ലഭ്യമാകുന്നതുവരെ 8000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് ആകെ ചെലവിന്റെ 5 ശതമാനത്തിൽ അധികമാകുന്നു

സ. ഉ. (സാധാ) 1552/2019/തസ്വഭവ/23.07.19 പ്രകാരം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്കുള്ള ഭരണച്ചെലവ് ആകെ തൊഴിലുറപ്പ് പദ്ധതി ചെലവിന്റെ 5 ശതമാനത്തിൽ അധികമാകാതെ നിലനിർത്തേണ്ടതും ആയത് അധികമാകുന്നപക്ഷം പ്രസ്തുത ജീവനക്കാർക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2024-25 വർഷത്തെ ആകെ തൊഴിലുറപ്പ് പദ്ധതി ചെലവ് 14086757/-രൂപയും തൻവർഷത്തെ ആകെ ഭരണ ചെലവ് 1328142/-രൂപയുമാണ്( ആകെ ചെലവിന്റെ 9.42 %). കൂടാതെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയ 2150593/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായും കാണുന്നു. ഭരണച്ചെലവ് 5 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും മേൽ ഉത്തരവ് പ്രകാരം ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും 2150593/ രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/27.09.25) 2024-25 വർഷം കാലാവസ്ഥ വ്യതിയാനം, തൊഴിലാളികളുടെ അഭാവം എന്നിവ മൂലം തൊഴിൽ ദിനങ്ങൾ കുറഞ്ഞ് പോയതിനാലാണ് ചെലവ് 5% പരിധിയിൽ അധികരിക്കുവാൻ കാരണമായതെന്നും ഇനിയും ഭരണ ചെലവ് 5% അധികരിക്കുന്ന പക്ഷം സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. തനത് ഫണ്ടിൽ നിന്നും നൽകിയ 2150593/- രൂപയിൽ 663913/- രൂപ 2025-26 ൽ ക്രമീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് പദ്ധതി ചെലവ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം സർക്കാർ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-20 MGNREGA ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ-വികസനഫണ്ട് വിനിയോഗിച്ചത് ക്രമവിരുദ്ധം

| | |
|---|---|
| പ്രോജക്ട്.നം | S0264/25 |
| | |

| | |
|---|---|
| അടങ്കൽ | 42,000/-(വികസന ഫണ്ട് -പൊതു വിഭാഗം) |
| ചെലവ് | 41,012/-(ബിൽ നം31/20-3-25) |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി MGNREGA ഓഫീസിലേയ്ക്ക് 41012/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച് കാനൻ മൾട്ടിഫങ്ഷൻ പ്രിന്റർ വാങ്ങിയിരുന്നു. MGNREGAഫണ്ട് /തനത് ഫണ്ട് വിനിയോഗിക്കാതെ വികസനഫണ്ട് വിനിയോഗിച്ചായിരുന്നു വാങ്ങൽ നടത്തിയത്. വികസനഫണ്ട് വിനിയോഗിച്ചതിന്റെ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം3/25-9-25)മറുപടിയായി MGNREGA ഫണ്ട് നിശ്ചിത പരിധിയിൽ അധികരിച്ചതിനാൽ MGNREGA ഫണ്ട് വിനിയോഗിക്കാൻ സാഹചര്യമില്ലായെന്നും തനത് ഫണ്ട് വകയിരുത്തി പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന പരിധി അധികരിച്ച സാഹചര്യത്തിലുമാണ് വികസനഫണ്ട് വിനിയോഗിക്കേണ്ടി വന്നത് എന്നറിയിച്ചിരുന്നു. സ. ഉ. (സാധാ) 1552/2019/ തസ്വഭവ/23.07.19 പ്രകാരം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് ആകെ തൊഴിലുറപ്പ് പദ്ധതി ചെലവിന്റെ 5 ശതമാനത്തിൽ അധികരിക്കാതെ നിലനിർത്തേണ്ടതും ആയത് അധികരിക്കുന്നപക്ഷം ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വികസനഫണ്ട് വിനിയോഗിച്ച് പ്രിന്റർ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. MGNREGA അഡ്മിനിസ്ട്രേറ്റീവ് ചെലവുകളുടെ ഭാഗമായി വാങ്ങൽ നടത്തുമ്പോൾ MGNREGA ഫണ്ടോ തനത് ഫണ്ടോ മാത്രം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-21 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- വിവിധ പദ്ധതി പ്രകാരം ലഭ്യമായ ലൈറ്റുകളുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകളില്ല**

ഗ്രാമപഞ്ചായത്തിൽ 2024-25വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 218/25 പ്രകാരം ജില്ലാപഞ്ചായത്ത് ഫണ്ട് 19,00,000/- (ബിൽ നം 33/25.3.25) വിനിയോഗിച്ച് കെൽട്രോൺ മുഖാന്തിരം 40 മിനിമാസ്റ്റ് ലൈറ്റുകൾ(6mഉയരമുള്ള 3x150W) വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ചതായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ നാളിതുവരെ വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ആകെയുള്ള മിനിമാസ്റ്റ് /ഹൈമാസ്റ്റ് ലൈറ്റുകളുടെ വിശദാംശങ്ങളും പ്രസ്തുത ലൈറ്റുകളുടെ വാറന്റി നിരീക്ഷിക്കാനുള്ള സംവിധാനവും പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം3/25-9-25)മറുപടിയായി ഗ്രാമപഞ്ചായത്തിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത്, എംപി/എംഎൽഎഫണ്ട് വിനിയോഗിച്ച് വിവിധ വർഷങ്ങളിലായി 21 മിനിമാസ്റ്റ് ലൈറ്റുകളും 2ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വൈദ്യുത ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുവെങ്കിലും ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ മറ്റ് രേഖകളുള്ളതായി കാണുന്നില്ല. തൻവർഷം ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ലൈറ്റുകൾക്ക് 3വർഷം വാറന്റി ഉള്ളതാണ്. എന്നാൽ മറ്റ് സ്കീമുകൾ പ്രകാരം സ്ഥാപിച്ചവയുടെ വാറന്റി വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. തത്ഫലമായി ലൈറ്റുകളുടെ റിപ്പയർ പ്രവർത്തികൾക്ക് തനത് ഫണ്ടിൽ നിന്നും ധാരാളം തുക ചെലവഴിക്കുന്ന സാഹചര്യവുമുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ലൈറ്റുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി റിപ്പയർ പ്രവർത്തികൾ നിരീക്ഷിക്കേണ്ടതുമാണ്.

**1-22 തെരുവുവിളക്ക് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റ് പ്രകാരം കെഎസ് ഇബിയിൽ നടത്തിയ നിക്ഷേപപ്രവർത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | നിക്ഷേപിച്ച തുക | ഏജൻസി |
|---|---|---|

| | | |
|---|---|---|
| S0179/25 തെരുവുവിളക്ക് ലൈൻ എക്സ്റ്റെൻഷൻ (2023-24 വർഷം നിക്ഷേപിച്ച തുക 5,20,000/-) | 2,33,895/- (വികസനഫണ്ട്- പൊതു വിഭാഗം) ബിൽ നം 15/25-11-24 | KSEB പൈക |

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ മോണിറ്ററിങ്ങ് റിപ്പോർട്ട് സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം3/25-9-25)മറുപടിയായി 26-9-25ൽ KSEB പൈക ഇലക്ട്രിക് സെക്ഷനിൽ നിന്നും ലഭിച്ച അറിയിപ്പ് പ്രകാരം പണി പുരോഗമിക്കുന്നുവെന്നും പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 2,33,895/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സാക്ഷരതാ പ്രേരകിന് നൽകിയ ഹോണറേറിയം--സാക്ഷരതാമിഷൻ വിഹിതം തിരികെ ലഭിച്ചിട്ടില്ല

| വൗച്ചർ നം | തുക |
|---|---|
| 22400073/03.05.2024 | 12000 |
| 224000134/01.06.2024 | 12000 |
| ഫണ്ടിനം | തനത് ഫണ്ട് |

സ.ഉ (സാധാ)നം.743/2024/LSGD തീയതി 12.04.2024 പ്രകാരം സാക്ഷരതാ പ്രേരകമാരുടെ ഹോണറേറിയത്തിന്റ 60% തുക തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ നിന്നും 40% സാക്ഷരതാ മിഷന്റെ തനത് വരുമാനത്തിൽ നിന്നും പങ്കു വയ്ക്കാവുന്ന വ്യവസ്ഥ തുടരാവുന്നതാണെന്നും അത് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനം സാക്ഷരതാ മിഷൻ നൽകേണ്ട ഹോണറേറിയത്തിന്റെ 40% വിഹിതം മുൻകൂറായി നൽകിയിട്ടുള്ളത് Quarterly Basis ൽ തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 21.03.2015 ലെ എ.7-319/15/കെഎസ്എൽഎംഎ ഉത്തരവ് പ്രകാരം കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ സാക്ഷരതാ പ്രേരക് ആയി ജോലി ചെയ്തുവരുന്ന ശ്രീമതി ഷൈലജ വി.എം.നെ മേൽ സർക്കാർ ഉത്തരവ് പ്രകാരം കൊഴുവനാൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് പുനർവിന്യസിച്ച് ഉത്തരവായിട്ടുണ്ട്. കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ മേൽ വൗച്ചറുകൾ പ്രകാരം മെയ്, ജൂൺ മാസങ്ങളിൽ നൽകിയ സാക്ഷരതാമിഷൻ വിഹിതം (4800x2=9600/- രൂപ) മിഷനിൽ നിന്നും റീകൂപ്പ് ചെയ്ത് ലഭിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/29.09.2025)മറുപടിയായി സാക്ഷരതാമിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിയ്ക്കുന്നതാണെന്ന് അറിയിച്ചിരുന്നു. സാക്ഷരതാമിഷനിൽ നിന്നും തുക ലഭ്യമായതിന്റെ വിശദാംശം അറിയിയേ്ക്കണ്ടതാണ്.

## 1-24 ഔദ്യോഗിക വാഹനം--ഡീസൽ അടിച്ചതിന് ലോഗ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിന് മാർഗ്ഗരേഖ സർക്കാർ ഉത്തരവ് നം. എം.എസ്.)നം.170/07/തസ്വഭവ തീയതി 30.06.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ KL35 D 5000 -Bolero Jeep ന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

1) 2024-25 സാമ്പത്തിക വർഷം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല.
2) ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
3) ചുവടെ ചേർക്കുന്ന വൌച്ചറുകൾ പ്രകാരം 12.03.2024 മുതൽ 20.12.2024 വരെ വിവിധ തീയതികളിൽ ഡീസൽ നിറച്ചതിന് പടിക്കപ്പറമ്പൻ ഫ്യൂവൽസ്, കെഴുവംകുളം എന്ന സ്ഥാപനത്തിന് തുക നൽകിയതിൽ ലോഗ് ബുക്കിൽ രേഖപ്പെടുത്താത്ത തുകകൾ ചുവടെ ചേർക്കുന്നു.

**വൗച്ചർ നം.-22400563/26.11.2024, രൂപ 61014/-**

| തീയതി | ഡീസൽ അളവ് (ലിറ്റർ) |
|---|---|
| 12.03.2024 | 28.29 |
| 15.03.2024 | 4.4 |
| 07.08.2024 | 50.17 |
| 12.08.2024 | 30.58 |
| 22.08.2024 | 49.1 |
| 05.09.2024 | 51.37 |

**വൗച്ചർ നം.-22400818/11.02.2025, രൂപ 44,727/-**

| തീയതി | ഡീസൽ അളവ് (ലിറ്റർ) |
|---|---|
| 04.10.24 | 49.5 |
| 26.10.2024 | 49 |
| 14.11.2024 | 50.81 |
| 04.12.2024 | 19.14 |
| 10.12.24 | 51.72 |

വിവിധ തീയതികളിൽ ഡീസൽ നിറച്ചതിൽ മേൽ ചേർക്കുന്ന തീയതികളിൽ ഡീസൽ നിറച്ചത് ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ കസ്റ്റോഡിയൻ ഓഫീസർ വെരിഫൈ ചെയ്യുകയോ ചെയ്തിട്ടില്ല. സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

4) ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ നിലവിൽ വാഹനത്തിന്റെ മൈലേജ് എത്രയെന്ന് വ്യക്തമല്ല. വാഹനത്തിന് ലഭിയേക്കണ്ടതായ മൈലേജ് ലഭിയ്ക്കുന്നുണ്ടോ എന്ന് പരിശോധിച്ചതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

30.11.2024 ൽ 50 ലിറ്റർ ഡീസൽ നിറയ്ക്കുമ്പോൾ വാഹനത്തിന്റെ ഓഡോമീറ്റർ റീഡിംഗ് 218139 കി.മീ. ആണ്. 20.12.2024 ൽ 219490 കി.മീ. ആണ് ഓഡോമീറ്റർ റീഡിംഗ്. ടി. ദിവസങ്ങളിൽ വാഹനം 1351 കി.മീ. ഓടിയതായി കാണുന്നു. ടി കാലയളവിൽ ആകെ നിറച്ച ഡീസൽ അളവ് ചുവടെ ചേർക്കുന്നു.

| തീയതി | ഡീസൽ അളവ് (ലിറ്റർ) |
|---|---|
| 30.11.2024 | 50.81 |
| 04.12.24 | 19.14 |
| 10.12.24 | 51.72 |
| ആകെ | 121.67 |
| ലഭിച്ച മൈലേജ് | 1351/121.67=11.10 കി.മി/ ലിറ്റർ |

15.03.2024 ലെ ഫ്യൂവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം 12 കി.മി/ലിറ്റർ ആണ് മൈലേജ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. സർട്ടിഫിക്കറ്റ് പ്രകാരമുള്ളതിൽ കൂടുതലായി ഇന്ധന ഉപയോഗം വരുന്നതായി കാണുന്നു. മേൽ പരാമർശങ്ങൾക്ക് വിശദീകരണം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.16/29.09.25) ന് മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് വാഹനം ഉപയോഗിയ്ക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടത് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയാണ്. ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിയേക്കണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ഡീസൽ അടിച്ചതിന് ലോഗ്ബുക്കിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച് 1,05,741/- രൂപ (61014+44727) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-25 മേവിട കമ്മ്യൂണിറ്റി ഹാൾ ഉപയോഗപ്രദമാക്കിയിട്ടില്ല.**

മേവിട പി.എച്ച്.സി. കെട്ടിടത്തോട് ചേർന്ന് മൂന്ന് നിലകളിലായി നിർമ്മിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി തൻവർഷം 2 പ്രോജക്ടുകൾ നടപ്പാക്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. S0137/25

മേവിട പ്രാഥമികാരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം

അടങ്കൽ- 656785/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ്- 624922/-രൂപ (ബിൽ നം. 592/12.3.25 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

മേവിട പി.എച്ച്.സി കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ മൂന്നാം നിലയുടെ പൂർത്തീകരണത്തിനാണ് പ്രോജക്ട് ഏറ്റെടുത്തത്. മൂന്നാം നിലയുടെ സ്ട്രക്ചർ മാത്രമാണ് മുൻവാർഷിക പദ്ധതിയിൽ പൂർത്തിയാക്കിയിരുന്നത്. മൂന്നാം നിലയിലേക്ക് പി.എച്ച്.സി കോമ്പൌണ്ടിൽ നിന്നുള്ള സ്റ്റെയർ കെയിസിനും ബാൽക്കണിക്കും പാരപ്പെറ്റ് നിർമ്മാണം, പെയിന്റിംഗ്, സ്റ്റെയർ കെയിസിന് മുകളിൽ ജി.ഐ. ട്രസ് റൂഫ് നിർമ്മാണം, സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ഭിത്തി എന്നീ ഇനങ്ങളാണ് പ്രോജക്ട് പ്രകാരം ചെയ്തിട്ടുള്ളത്.

2) പ്രോജക്ട് നം. S0148/25

മേവിട കമ്മ്യൂണിറ്റി ഹാൾ ടോയിലറ്റ് നിർമ്മാണം

അടങ്കൽ- 437365/- രൂപ (150000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 280000/- കേന്ദ്രാവിഷ്കൃതം, 7365/- തനത് ഫണ്ട്. )
ചെലവ്- 433913/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പ്രകാരം കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ ഒന്നാം നിലയിലും മൂന്നാം നിലയിലും ഓരോ ടോയിലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/ തീയതി | തുക | ഫണ്ടിനം |
|---|---|---|
| 662/24.3.25 | 280000 | സ്വച്ഛ് ഭാരത മിഷൻ |
| 663/24.3.25 | 150000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 664/24.3.25 | 3913 | തനത് ഫണ്ട് |
| ആകെ | 433913 | |

29.9.25 ൽ സ്ഥലപരിശോധന നടത്തിയതിൽ കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഇനിയും നടപ്പാക്കിയിട്ടില്ല എന്ന് കണ്ടു. വാട്ടർ കണക്ഷൻ ലഭ്യമായിട്ടില്ല. ഗ്രൗണ്ട് ഫ്ലോർ എം.സി.എഫ്. ആയി ഉപയോഗിച്ച് വരുന്നു. നിലവിലും കമ്മ്യൂണിറ്റി ഹാൾ കെട്ടിടം ഉപയോഗപ്രദമാക്കിയിട്ടില്ല എന്ന് കാണുന്നു. കമ്മ്യൂണിറ്റി ഹാൾ കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 25/3.10.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കമ്മ്യൂണിറ്റി ഹാൾ കെട്ടിടം ഉപയോഗപ്രദമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. അതുവരെ ടി രണ്ട് പ്രോജക്ടുകളിലായി ആകെ 1058835/- (624922+433913) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-26 ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല.</u>

കൊഴുവനാൽ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ വഴിയാണ് നടപ്പാക്കിയത്. ഇ ടെണ്ടർ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, LID & EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. കൊഴുവനാൽ ബ്രാഞ്ചിലുള്ള 37116377644-ാം നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. 29.9.25 ൽ ടി അക്കൗണ്ടിൽ 166582/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ നൽക്കേണ്ടതാണ്. ടെണ്ടർ ഫീ ഇനത്തിൽ നീക്കിയിരിപ്പുള്ള തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 23/3.10.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നീക്കിയിരിപ്പുള്ള തുക എത്രയും പെട്ടെന്ന് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ടെണ്ടർ ഫീ തിരികെ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-27 കരാർ വെക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയില്ല.</u>

കൊഴുവനാൽ ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ വെച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ വെക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ (@ 1%) |
|---|---|---|---|---|---|---|
| 1 | S0146/25- കുന്നേപ്പറമ്പ്- വള്ളിക്കാട്ടുകുഴി റോഡ് പുനരുദ്ധാരണം വാർഡ്- 1 | ജിനു ജോർജ് | 8.11.23 | 24.11.23 | 1054115 | 10541 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ വെച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6/27.9.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി പഞ്ചായത്തിൽ അടവാക്കുന്നതാണെന്ന് അറിയിച്ചു. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 10541/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120102 “Sale Of Scrap/Empties And Waste Materials” എന്ന ശീർഷകത്തിൽ 91315/- രൂപ വരവുണ്ട്. ഇതിൽ 88515/- രൂപ, അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും അതിന്റെ ജി.എസ്.റ്റി യും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 5/27.9.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കാലിവീപ്പകളുടെ വിലയും അതിന്റെ ജി.എസ്.റ്റി യും ഉൾപ്പടെയുള്ള തുക അതാത് ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

2024-25 വർഷം കൊഴുവനാൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില, ജി.എസ്.റ്റി ഉൾപ്പടെ കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | കുറവ് ചെയ്ത ബാരൽ വില (ജി.എസ്.റ്റി ഉൾപ്പടെ ) | ബിൽ വിശദാംശം | ഫണ്ടിനം |
|---|---|---|---|---|
| 1 | 155/25<br>മധുരപ്പറമ്പ്- ചെമ്പിളാവ്- മധുരപ്പറമ്പ്- ചേർപ്പുങ്കൽ റോഡ് പുനരുദ്ധാരണം വാർഡ്-1 | 10672/- | ബിൽ നം. 278/ 6.9.24- 1248549/- രൂപ | മെയിന്റനൻസ് ഫണ്ട് റോഡ് |
| 2 | 119/25<br>ഞാറക്കുഴി - മുണ്ടുപാലയ്ക്കൽ റോഡ് പുനരുദ്ധാരണം വാർഡ്-3 | 3932/- | ബിൽ നം. 204/ 14.6.24- 377353/- രൂപ, ഒന്നാം പാർട്ട് ബിൽ | മെയിന്റനൻസ് ഫണ്ട് റോഡ് |
| 3 | 118/25<br>പരുന്തനാനി- താഴേത്തുരുത്തി- താഴേത്തുരുത്തി കങ്ങോന്ത റോഡ് പുനരുദ്ധാരണം വാർഡ്-13 | 4494/- | ബിൽ നം. 241/ 15.7.24- 359813/- രൂപ, ഫൈനൽ ബിൽ | മെയിന്റനൻസ് ഫണ്ട് റോഡ് |
| 4 | 117/25<br>വാക്കപ്പലം- തോക്കാട് റോഡ് പുനരുദ്ധാരണം വാർഡ്-10 | 9830/- | ബിൽ നം. 242/ 15.7.24- 250099/- രൂപ, ഫൈനൽ ബിൽ | മെയിന്റനൻസ് ഫണ്ട് റോഡ് |
| 5 | 157/25<br>മലയിരുത്തി- കാവുംപടി- പഴനിലം കോയിപ്പുറം റോഡ് പുനരുദ്ധാരണം വാർഡ്- 3, 4 | 9550/- | ബിൽ നം. 248/ 23.7.24- 793747/- രൂപ, ഫൈനൽ ബിൽ | മെയിന്റനൻസ് ഫണ്ട് റോഡ് |

| | | | | |
|---|---|---|---|---|
| | ആകെ | 38478/- | | |

മേൽ തുക ഏത് ശീർഷകത്തിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ 4/27.9.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ മേൽ പ്രവൃത്തികളുട ബില്ലിൽ നിന്നും ഈടാക്കിയ കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ "350300199 Government And Other Dues Payable- Others" എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് ഉടൻ തന്നെ സർക്കാരിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുക സർക്കാരിലേക്ക്/വകുപ്പിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-30 സർക്കാർ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട്നം | **5/2025** |
| അടങ്കൽ | 1,00,000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 1,00,000 (ബിൽ നം 5/30-1-25) |
| നിർവ്വഹണോ-ദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

പ്രസ്തുത പ്രോജക്ട് പ്രകാരം ഹോംകോ യ്ക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,00,000/- മരുന്നുവാങ്ങലിനായി നൽകിയിരുന്നു. എന്നാൽ ലഭ്യമാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം 85,870/- രൂപയുടെ മരുന്ന് മാത്രമേ കിട്ടിയതായി കാണുന്നുള്ളൂ. ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/29-9-25)മറുപടിയായി 14130/-രൂപയുടെ മരുന്നുകൾ ലഭ്യമാകാനുള്ളതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നത് വരെ 14130/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

**1-31 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താവ് അവസാന ഗഡുകൈപ്പറ്റുന്നതിന് കാലതാമസം**

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 24.12.2021 ൽ കരാറിലേർപ്പെടുകയും വീടിന്റെ റൂഫ് വരെ പൂർത്തിയാക്കി 18.01.2024 വരെ ആകെ 360000/- രൂപ കൈപ്പറ്റിയും ചെയ്ത ശ്രീമതി മോളി അജി,ഒറ്റപ്ലാക്കൽ,തോടനാൽ എന്ന് ഗുണഭോക്താവ് നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല. 18.01.2024 ൽ റൂഫ് ലെവൽ വരെ പൂർത്തിയാക്കിയ ഗുണഭോക്താവ് ബാക്കി പ്രവൃത്തികൾ കൂടി തീർത്ത് നാളിതുവരെ അവസാന ഗഡു കൈപ്പറ്റാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/29.09.25) 12 വർഷത്തേക്ക് ലൈഫ് പദ്ധതി പ്രകാരം നിർമ്മിച്ച വീടും സ്ഥലവും ടി ഗുണഭോക്താവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ രജിസ്റ്റർ ചെയ്ത് നൽകിയിട്ടില്ലെന്നും നിലവിൽ ഗുണഭോക്താവിന്റെ താമസം പഞ്ചായത്ത് പരിധിയിലല്ലെന്നും നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വി.ഇ.ഒ മറുപടി ലഭ്യമാക്കി. തുടർനടപടികൾ പൂർത്തിയാക്കി ടി ഗുണഭോക്താവിന് അവസാന ഗഡു നൽകേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

**1-32 ഹെൽത്ത് ഗ്രാന്റ്-അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ

അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന് കീഴിൽ മേവടയിൽ ഫാമിലി ഹെൽത്ത് സെന്ററും അതിനു കീഴിൽ കെഴുവൻകുളം, തോടനാൽ എന്നിവിടങ്ങളിൽ സബ്സെന്ററുകളും പ്രവർത്തിക്കുന്നു. കൂടാതെ ആയുർവേദ ഡിസ്പെൻസറി തോടനാലും ഹോമിയോ ഡിസ്പെൻസറി ചേർപ്പുങ്കലും പ്രവർത്തിക്കുന്നു. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഇനം | മുന്നിരിപ്പ് | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 2021-22 | സ്കീം 3 | 0 | 0 | 0 | 0 |
| 2021-22 | സ്കീം 4 | 0 | 0 | 0 | 0 |
| 2022-23 | സ്കീം 3 | 0 | 182237 | 0 | 182237 |
| 2022-23 | സ്കീം 4 | 0 | 55785 | 55000 | 785 |
| 2023-24 | സ്കീം 3 | 182237 | 679,254/- | 179875 | 681616 |
| 2023-24 | സ്കീം 4 | 785 | 298,546 | 1500 | 297831 |
| 2024-25 | സ്കീം 3 | 681616 | 300956 | 253343 | 729229 |

| | | | | | |
|---|---|---|---|---|---|
| 2024-25 | സ്കീം 4 | 297831 | 478789 | 225671 | 550949 |

2022-23 സാമ്പത്തിക വർഷത്തെ ഫണ്ടുകൾ (സ്കീം 3, സ്കീം 4) വർഷാവസാനം ലഭ്യമായതിനാൽ 2023-24 വർഷം സ്പിൽ ഓവറായാണ് പ്രോജക്ടുകൾക്ക് ചെലവ് ചെയ്തിട്ടുള്ളത്. സ്ക്കീം 3 ഫണ്ട് ഉപയോഗിച്ച് ലാബ് റീയേജന്റ്, ലാബ് ഉപകരണങ്ങൾ ,ഇൻഫെക്ഷൻ കൺട്രോൾ സാധനങ്ങൾ,കിറ്റുകൾ,കൺസ്യൂമബിൾസ് എന്നിവ വാങ്ങിയിട്ടുണ്ട്. സ്ക്കീം 4 ഫണ്ട് പ്രധാനമായും സബ്സെന്ററുകൾക്ക് ആവശ്യമുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിനും ലാബിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഉപകരണങ്ങൾ,മരുന്നുകൾ എന്നിവ വാങ്ങി നൽകുന്നതിനുമാണ് ഉപയോഗിച്ചിട്ടുള്ളത്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറ ബാങ്ക് മുത്തോലി ശാഖയിൽ താഴെപ്പറയും പ്രകാരം 2 അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042455159 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042455620 |

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ലഭിക്കുന്ന സ്ക്കീം1 ഗ്രാന്റ് ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭ്യമായിട്ടില്ല. സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതാത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതാത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് നിലവിലെ സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചാണ് പരിശീലനം നൽകിയിട്ടുള്ളത്. ആയതിന് ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചിട്ടില്ല. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ് പ്രതി വർഷം 5000 രൂപ പരിധിയിൽ നിർത്തുവാൻ സാധിക്കുന്നുണ്ട്.സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2 സബ്സെന്ററുകളും ഹെൽത്ത് & വെൽനസ് സെന്ററുകളായാണ് പ്രവർത്തിക്കുന്നത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവ നടത്തി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 8 ഇന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് താൽക്കാലികമായോ സ്ഥിരമായോ ജീവനക്കാരെ നിയമിച്ചിട്ടില്ല. അനുവദിക്കപ്പെട്ട ഹെൽത്ത് ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കായി വിനിയോഗിക്കാതെ തിരിച്ചടയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

### 1-33 ജൽജീവൻ മിഷൻ--അവലോകനം.

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജലജീവൻമിഷൻ. ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥിരമായി ന്യായമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ നൽകി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ജലജീവൻ മിഷൻ ലക്ഷ്യം വയ്ക്കുന്നത്.
ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി കൊഴുവനാൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും അടവാക്കിയിട്ടില്ല. കൂടാതെ പ്രോജക്ടുകൾ പ്രകാരമോ, എം എൽ എ മാരുടെ ആസ്തിവികസന ഫണ്ടോ ഒന്നും തന്നെ ജൽജീവൻമിഷനുവേണ്ടി തുക ചെലവഴിച്ചിട്ടില്ല. 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ പ്രോജക്ടുകൾ പ്രകാരം ആകെ 75,00,000/- രൂപ വകയിരുത്തിയെങ്കിലും പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. തനത് ഫണ്ടിന്റെ അപര്യാപ്തമൂലം ജൽജീവൻ മിഷന് വേണ്ടി തുക ചെലഴിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി.
08.02.2023 ലെ 7/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് ബൾക്ക് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. കോട്ടയം വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 01.03.2025 ൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊഴുവനാൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് മൊത്തമായുള്ള കുടിവെള്ള (ബൾക്ക് വാട്ടർ) വിതരണവും പരിപാലനവും സംബന്ധിച്ച് KL034425667202424E നമ്പരായി 01.03.2025 മുതൽ 28.02.2026 വരെ കാലയളവിലേയ്ക്ക് കരാർ വച്ചിട്ടുള്ളതാണ്. കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ ബൾക്ക് വാട്ടർ എൻട്രി പോയിന്റിൽ ബൾക്ക് വാട്ടർ വിതരണം ചെയ്യുന്ന തീയതി മുതൽ ഈ കരാർ പ്രാബല്യത്തിൽ വരുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ കരാർ പ്രകാരമുള്ള തുടർ നടപടികൾ ഒന്നും ഗ്രാമപഞ്ചായത്തോ വാട്ടർ അതോറിറ്റിയോ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.24/03.10.2025 ന് മറുപടി ലഭ്യമാക്കാത്തതിനാൽ ടി കരാറിന്റെ തുടർ വിശദാംശം ലഭ്യമല്ല.
ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിവന്നിരുന്ന ജലനിധി പദ്ധതി പ്രകാരമാണ് നിലവിൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാകുന്നത്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 17 | 78000 | 78000 | ഇല്ല | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 08/2024 | 2000(08/24 മുതൽ 11/24 വരെ) | 2000 | | 22.11.24 ൽ ട്രാൻസ്ഫർ ആയി |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 02/07/2025-ലെ 4/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായും സെക്രട്ടറിയുടെ 24.09.2025 ലെ Acct.04/2025 നം. കത്ത് മുഖേന നേരിട്ടും ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 27.09.2025 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 23,06,000/- രൂപയും ളാലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 8,18,122/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിമയം വാർഷിക പദ്ധതി പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് | ബാക്കി |
|---|---|---|---|---|
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 4,78,086/- | നം.എസ്.0214/25-കൊഴുവനാൽ കളപ്പുരയ്ക്കൽ കോളനി-വലിയപറമ്പിൽ റോഡ് പുനരുദ്ധാരണം വാർഡ്-12 | 4,78,086/- | 0 |
| | 90,036/- | നം.എസ്0115/25-ലൈഫ് മിഷൻ പദ്ധതി – പട്ടികജാതി | 90,036/- | |
| | 50,000/- | നം.എസ്.0090/25-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50,000/- | 0 |
| | 2,00,000/- | നം.എസ്.0028/25-അതിദരിദ്രർക്കുള്ള ലൈഫ് ഭവന പദ്ധതി | 2,00,000/- | 0 |
| | 8,18,122/- | **ആകെ** | 8,18,122/- | 0 |

| | | | | |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 2,00,000/- | നം.എസ്0037/25-സാന്ത്വന പരിചരണം | 2,00,000/- | 0 |
| | 98,000/- | നം.എസ്0027/25-ലൈഫ് മിഷൻ പദ്ധതി – പട്ടികജാതി | 98,000/- | 0 |
| | 1,08,000/- | നം.എസ്.0090/25-അതിദരിദ്രർക്കുള്ള ലൈഫ് ഭവന പദ്ധതി | 1,08,000/- | 0 |
| | 19,00,000/- | നം.എസ്.0218/25- പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിയ്ക്കൽ | 19,00,000/- | 0 |
| | 23,06,000/- | **ആകെ** | 23,06,000/- | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ സെക്രട്ടറി നടപ്പാക്കിയ രണ്ട് പ്രോജക്ടുകൾ പ്രകാരം നിക്ഷേപ പ്രവൃത്തിക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB Ltd. | നം.S0179/25 തെരുവുവിളക്ക് ലൈൻ എക്സ്റ്റെൻഷൻ | 2,33,895/- | ഇല്ല | 2,33,895/- |
| ജില്ലാ പ്രോഗ്രാം ഓഫീസർ, NRHM | S0180/25 ആർദ്രം പദ്ധതി വിഹിതം നൽകൽ | 10,19,125/- | 10,19,125/- | ഇല്ല |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നല്കിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | 01/04/2024 തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | ആകെ വായ്പ | തൻവർഷം തിരിച്ചടവ് | | 31/03/2025 തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC Loan | 3802218/- | 2640000/- | 6442218/- | 1041634/- | - | 5400584/- |

## 4-7 സ്ഥിരനിക്ഷേപം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിലെ സ്ഥിര നിക്ഷേപം(01/04/2024) | 275483/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 275483/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 275483/- |

സ്ഥിര നിക്ഷേപ തുക Endowment Deposit ആയിട്ടാണ് നിക്ഷേപിച്ചിരിക്കുന്നത്. സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തുക നിക്ഷേപിച്ച ബാങ്കിന്റെ പേര് | തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1351 |
| ബാങ്ക് ശാഖ | മേവട |
| എൻഡോവ്മെന്റ് അക്കൌണ്ട് നം. | 19 |
| നിക്ഷേപ തുക | 275483/- |
| നിക്ഷേപിച്ച തീയതി | 25-02-2015 |

| | |
|---|---|
| വാർഷിക പലിശ നിരക്ക് | 10 % |
| 31/03/2025 ലെ നിക്ഷേപ മൂല്യം | 275483/- |

മേൽ അക്കൗണ്ടിലെ പലിശ തുക അതാത് മാസം (2296/- രൂ വീതം) തോടനാൽ സർവീസ് സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധിയിലേക്ക് (അക്കൗണ്ട് നം. 3169) നിക്ഷേപിച്ച് പോരുന്നു. 2024-25 ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ എൻഡോവ്മെന്റ് നിക്ഷേപം നടത്തിയ ഫണ്ട് എപ്രകാരം സമാഹരിച്ചതാണ് എന്ന് ചേർത്തിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-52 പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന എൻഡോവ്മെന്റുകൾ പ്രത്യേക ഫണ്ടായി കണക്കാക്കുകയും അതിൽ നിന്നുള്ള വരുമാനം വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. ആയതിനാൽ പ്രസ്തുത ഫണ്ട് സമാഹരിച്ചതിന്റെ വിവരം, നൽകിയ ഏജൻസി/വ്യക്തി, ഫണ്ട് സമാഹരിച്ചതിന്റെ കൃത്യമായ ഉദ്ദേശ്യം തുടങ്ങിയ വിവരങ്ങൾ കൂടി ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 4-8 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 58,645/- രൂപ വരവുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 1999-2000 | 17 (ഘ) | 58,645/- | ശ്രീ.സി.കെ.ഭാസ്ക്കരൻ, ഹെഡ് ക്ലാർക്ക് | 1240000514/31.03.2025 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17(ഘ) | 2001-02 | 5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| 2011-12 | - | 2011-12 | - | പ്രവർത്തനാവലോകനം-കാർഷിക പദ്ധതികളുംകൃഷിഭവനും | ,, |
| 2014-15 | 2-3, 2-4,2-5 | 2016-17 | അനുബന്ധം 3 | വസ്തുനികുതി പരിഷ്ക്കരണ നടപടികൾക്ക് ആധികാരികതയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | ,, |
| 2020-21 | 1-12 | 2021-22 | അനുബന്ധം 1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്നത് | ,, |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

2024-25 വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് സർച്ചാർജ് നടപടികളിലൂടെ തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : 3,94,90,758/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : 3,31,76,428/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 119,021,707/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 115,698,433/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1420601/- |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

വ്യക്തമായ നഷ്ടം ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 8000/- | ശ്രീ. ശ്രീനാഥ് എസ്.കെ., സെക്രട്ടറി-ഇൻ-ചാർജ് |
| 1-22 | 2,33,895/ | ശ്രീമതി സ്റ്റാൻസി എ.ജെ, സെക്രട്ടറി |
| 1-24 | 105741/- | ശ്രീമതി സ്റ്റാൻസി എ.ജെ, സെക്രട്ടറി |
| 1-25 | 1058835/- | ശ്രീമതി ഗേളി മേരി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 14130/- | ഡോ. അശ്വതി ചന്ദ്രൻ, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| **ആകെ** | 1420601/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**<u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/06/2025 തീയതി വരെയുള്ള തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികൾ |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി7-345/2011/02-04-2011/06-04-2011 | - |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/118(3)/2022 /05-08-2022 | 1 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/118(6)/2022 /05-08-2022 | 2 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/1035(2)/2022 /05-08-2022 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/1035(3)/2022 /05-08-2022 | 7 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/1035(4)/2022 /05-08-2022 | 3 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/1035(5)/2022 /05-08-2022 | 4 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/962(1)/2022 /05-08-2022 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/962(2)/2022 /05-08-2022 | 2 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി7/അദാ-2022/962(3)/2022 /05-08-2022 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7-962(4)/2022/14-09-2022 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി7-962(5)/2022/14-09-2022 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി7-962(6)/2022/12-09-2022 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി7-962(6)/2022/12-09-2022 | 4 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി7/247/2024/19-02-2024 | 2 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി7/2206/2022/08-05-2023 | 9 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി7/2015/2022/31-07-2023 | 36 |

| | | |
|---|---|---|
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി7/1699/2023/18-03-2024 | 16 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി7/1097/2024/23.01.2025 | 21 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number IV dated 4/1 dated 02-07-2025 and submitted on 30-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kozhuvanal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kozhuvanal Grama Panchayat as on 31-03-2025

**Date: 14/11/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Kozhuvanal Grama Panchayat for the Year 2024-2025.**

**1.Major Observations**

1. General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Full source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital contribution opening balance details as on 3. 01/04/2024 has not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted -Asset Register has not updated upto 31/03/2025.
4. Own Fund Account - Accuracy of balance amount cannot be ascertained.

**2.Other Observations**

1.Recociliation Statement of two bank accounts in 31.03.2025 is not correct
2.Expenditure of Development fund (General) & Maintainance Grant (Non Road) diiffers in I-6 Schedule and Sulekha Statement.
3. Actual balance of loan amount in B-5 Schedule not tally with B-16 Schedule.
4. Accumulated depreciation of Vehicle Assets exceeds its net asset value as on 31-03-2025
5. An amount of Rs. 3144/- and 174344/- are incorrectly accounted as liability in the B4 schedule(Joint venture account). But the same account actually having a zero balance.
6. NREGA- Administrative Expenditure accounted in I-14 (F) Schedule is not correct.
7. Mismatch in balance amount of Jalanidhi account recorded in B4 schedule and RP 40(b) schedule.
8. Mismatch in the balance of SSA account recorded in B4 schedule and RP 40(b) schedule.
9. Government and other dues register not maintained.

Deputy Director
District Office Kottayam

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്